# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 328 — 05.03.2012- ൽ മറുപടിക്ക്

## ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ. പി. സി. വിഷ്ണുനാഥ്:
„ എം. പി. വിൻസന്റ്:
„ വി. ഡി. സതീശൻ':

(എ) ഭവന നിർമ്മാണ ബോർഡിനെ നഷ്ടത്തിൽനിന്നും രക്ഷിക്കുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

**ഉത്തരം**

ശ്രീ. കെ. എം. മാണി.
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

(എ) ഭവന നിർമ്മാണ ബോർഡിനെ നഷ്ടത്തിൽനിന്നും രക്ഷിക്കുവാൻ താഴെപ്പറയുന്ന കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

1. ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ പാരസ്പര്യ/ജോയിന്റ് വെൻചർ/ പബ്ളിക് പ്രൈവറ്റ് പാർട്ടണർ ഷിപ്പ് പ്രകാരം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.
2. വാടക പിരിവും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക പിരിവും ഊർജ്ജിത പ്പെടുത്തുന്നതാണ്.
3. കരാർ/കൺസൾട്ടൻസി മേഖല കളിൽ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതാണ്.
4. ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ പദ്ധതികളിൽ വിൽക്കാതെ കിടക്കുന്ന പ്ളോട്ടുകൾ/വീടുകൾ/ഫ്ളാറ്റുൾ വിൽക്കുന്നതിനും വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കും.
5. ഇപ്പോൾ നടപ്പിലാക്കി വരുന്ന ന്ർമ്മാണ പദ്ധതികളിലൂടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കു ന്നതാണ്. കൂടാതെ ബോർഡിന്റെ ഹഡ്കോ കട ബാദ്ധ്യതകൾ 2 വർഷത്തിനു ള്ളിൽ തീർക്കുന്നതിന് സഹായകമായ പദ്ധതികൾ

| | | | |
|---|---|---|---|
| | | | ആവിഷ്ക്കരിക്കുകയും വാർഷിക ഗ്രാന്റ്- ഇൻ- എയ്ഡ് ക്രമാനുഗതമായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ഭവന വായ്പ ധന സമാഹരണത്തിനായി കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കുന്നതിനും നൂതന ഭവന പദ്ധതിയായ സാഫല്യം നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) & (സി) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് സംയുക്ത സംരംഭ പദ്ധതികളിലേർപ്പെടാനുതകും വിധം 1971-ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ദേശീയ അന്തർദേശീയ സ്ഥാപനങ്ങൾ, പ്രവാസി ഇന്ത്യാക്കാർ എന്നിവരിൽനിന്നും നിര്മ്മാണ മേഖലയ്ക്ക് മതിയായ ധനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ